പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 532 04.02.2020 ലെ മറുപടിക്ക്

## കൊച്ചി താലൂക്കിലെ കയർ സഹകരണ സംഘങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കൊച്ചി താലൂക്കിലെ ഇടക്കൊച്ചി, പെരുമ്പടപ്പ്, കുമ്പളങ്ങി, ചെല്ലാനം എന്നിവിടങ്ങളിൽ പ്രവർത്തനരഹിതമായിട്ടുള്ളതും ലിക്വിഡേഷനിൽ ഇരിക്കുന്നതുമായ കയർ സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | എ) കൊച്ചി താലൂക്കിലെ ഇടക്കൊച്ചി, പെരുമ്പടപ്പ്, കുമ്പളങ്ങി, ചെല്ലാനം എന്നിവിടങ്ങളിൽ ലിക്വിഡേഷനിലായ കയർ വ്യവസായ സഹകരണ സംഘങ്ങൾ താഴെ പറയുന്നവയാണ്.<br><br>1) കുമ്പളങ്ങി സി.വി.സി.എസ് ലി.നം.579<br>2) കുമ്പളങ്ങി സി.വി.സി.എസ് ലി.നം.208<br>3) കുമ്പളങ്ങി സി.വി.സി.എസ് ലി.നം.361<br>4) ഇടക്കൊച്ചി സി.വി.സി.എസ് ലി.നം.444<br><br>പ്രവർത്തനരഹിതമായ സംഘങ്ങൾ<br>1) പെരുമ്പടപ്പ് സി.വി.സി.എസ് ലി.നം.388<br>2) ചെല്ലാനം സി.വി.സി.എസ് ലി.നം.515<br><br>ലിക്വിഡേഷനിലായ സംഘങ്ങളും പ്രവർത്തനരഹിതമായ സംഘങ്ങളും പുനരുദ്ധരിക്കുന്നതിന് പദ്ധതികൾ നിലവിലില്ല. പ്രവർത്തനരഹിതമായ ചെല്ലാനം കയർ വ്യവസായ സഹകരണ സംഘം ലി.നം.515 ന് നിലവിൽ തെരെഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും, പെയ്ഡ് സെക്രട്ടറിയുമുണ്ട്. കൂടാതെ സംഘത്തിൽ ചകിരി സൂക്ഷിക്കുന്നതിനും, കയർ സംഭരിച്ച് വയ്ക്കുന്നതിനുള്ള സൗകര്യവുമുണ്ട്. 16 തൊഴിലാളികൾ സംഘത്തിൽ തൊഴിൽ ചെയ്യുവാൻ സന്നദ്ധരായി വന്നിട്ടുണ്ട്. സംഘം ഭരണസമിതയുടെ യോഗം കൂട്ടകയും പുന:പ്രവർത്തനത്തിന് ആവശ്യമായ |

| | |
|---|---|
| | പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംഘം പുനരുദ്ധരിക്കാൻ പുനരുദ്ധാരണ പദ്ധതിയിനത്തിൽ 27/3/2013 ൽ സ്ഥിര മൂലധനമായി 2,50,000/- രൂപയും പ്രവർത്തനമൂലധനമായി 2,00,000/- രൂപയും അനുവദിച്ച നൽകിയതിൽ ബാക്കി നിൽപ്പുള്ള തുക പിൻവലിച്ച് പ്രവർത്തന മൂലധനമായി വിനിയോഗിക്കുന്നതിന് അനുവാദം നൽകണമെന്നും പ്രസ്തുത തുകയുടെ വിനിയോഗ കാലാവധി 1 വർഷം കൂടി ദീർഘിപ്പിച്ച നൽകണമെന്നുമുള്ള അപേക്ഷ കയർ വികസന ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത വസ്തുവകകൾ അന്യാധീനപ്പെടാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | ബി) എല്ലാ മാസവും ലിക്വിഡേറ്റർ നേരിട്ടുപോയി വസ്തുവകകൾ പരിശോധിക്കുകയും കയ്യേറ്റങ്ങൾ ഒന്നുമില്ല എന്നു ഉറപ്പുവരുത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**